LIBRARY ARCHIVES Kerala Legislative Assembly

**പട്ടികവർഗ്ഗ വനിതകൾക്കായുള്ള വിവാഹ ധനസഹായം**

79(5526) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാനപരിധി എന്ന നിബന്ധനയ്ക്ക് പുറമെ മാതാവ്/പിതാവ്/മാതാപിതാക്കൾ മരണപ്പെട്ടവരായിരിക്കണമെന്നും മാതാവിന്/പിതാവിന് രോഗബാധകൾ കാരണം ജോലി ചെയ്ത് ഉപജീവനം കണ്ടെത്തുവാൻ കഴിയില്ലെന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകൂടി ഹാജരാക്കണമെന്നുള്ള അധിക നിബന്ധന കൂടി വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ അധിക നിബന്ധന ഇല്ലായെന്നിരിക്കെ, ദുർബ്ബല വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് ഇപ്രകാരം അധിക നിബന്ധന വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

&

(സി) പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ, അധികവ്യവസ്ഥകൾ ഒഴിവാക്കി നിബന്ധനകൾ ലഘൂകരിച്ച് പട്ടികജാതി വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിനുള്ള അതേ വ്യവസ്ഥകൾക്ക് സമാനമാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ-സി) നിലവിലുള്ള ചട്ടപ്രകാരം പട്ടികവർഗ്ഗ വനിതകൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്നതിന് നിശ്ചിത വരുമാന പരിധി എന്ന നിബന്ധനയ്ക്കുപുറമെ മാതാപിതാക്കളിൽ ആരെങ്കിലും മരിച്ചുപോവുകയും മറ്റ് ബന്ധുക്കളുടെയോ, രക്ഷിതാക്കളുടെയോ ആശ്രയത്തിൽ കഴിയുന്നവരുമായ അവിവാഹിതകളായ പെൺകുട്ടികൾ/മാതാപിതാക്കളിൽ ആർക്കെങ്കിലുമോ രണ്ടുപേർക്കുമോ തൊഴിൽ ചെയ്ത് ജീവിക്കാൻ സാധിക്കാത്തവിധം അംഗവൈകല്യം സംഭവിച്ചിട്ടുള്ളപക്ഷം അത്തരം ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/അടിമപ്പണിയിൽനിന്നും വിമുക്തരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹ പ്രായമെത്തിയ അവിവാഹിതകളായ പെൺമക്കൾ/പട്ടികവർഗ്ഗക്കാരല്ലാത്തവരിൽനിന്നുള്ള അതിക്രമങ്ങൾക്കിരയായ പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ

LIBRARY ARCHIVES Kerala Legislative Assembly

അവിവാഹിതകളായ പെൺകുട്ടികൾ, അത്തരം അതിക്രമങ്ങൾക്കിരയായ അവിവാഹിതരായ പട്ടികവർഗ്ഗ യുവതികൾ/ഭൂമി അന്യാധീനപ്പെട്ട് നിർദ്ധനരായിപ്പോയ പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹപ്രായമെത്തിയ അവിവാഹിതരായ പെൺകുട്ടികൾ/പുനർവിവാഹം ചെയ്ത് ജീവിക്കുന്ന പട്ടികവർഗ്ഗ ദമ്പതികളുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ/ സമുദായ ഭ്രഷ്ടയാക്കപ്പെട്ട അവിവാഹിതയായ പട്ടികവർഗ്ഗ പെൺകുട്ടി/സമുദായ ഭ്രഷ്ടരാക്കപ്പെട്ട പട്ടികവർഗ്ഗ ദമ്പതിമാരുടെ വിവാഹപ്രായമെത്തിയ അവിവാഹിതകളായ പെൺകുട്ടികൾ എന്നിവർക്കാണ് വിവാഹ ധനസഹായത്തിന് അർഹതയുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പുനഃപരിശോധിച്ച് പട്ടികജാതി വനിതകൾക്കുള്ള വിവാഹ ധനസഹായത്തിന് സമാനമാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ച് എട്ട് വർഷത്തോളം കാലതാമസം ഉണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ച് എട്ട് വർഷത്തിനുശേഷം ആയത് അനുവദിക്കുന്നതിലെ അനൗചിത്യം കണക്കിലെടുത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം യഥാസമയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ;

&

(ഇ) പട്ടികജാതി വിഭാഗങ്ങൾക്കുള്ള മിശ്ര വിവാഹ ധനസഹായം യഥാസമയം അനുവദിക്കുമ്പോൾ, കൂടുതൽ ദുർബ്ബല വിഭാഗമായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മിശ്ര വിവാഹ ധനസഹായം അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ, ബന്ധപ്പെട്ട ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തി ഇക്കാര്യത്തിലുള്ള കാത്തിരിപ്പിന് പരിഹാരം കാണുമോ; വ്യക്തമാക്കാമോ?

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നോൺ പ്ലാൻ ശീർഷകത്തിൽനിന്നുമാണ് മിശ്രവിവാഹ ധനസഹായം അനുവദിച്ച് നൽകിവരുന്നത്. ഈ ശീർഷകത്തിൽ ലഭിക്കുന്ന ഫണ്ട് പരിമിതമായിരുന്നു. ഈ സാമ്പത്തികവർഷം 25 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. നോൺ പ്ലാൻ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം ഉചിതമായ മറ്റ് ശീർഷകത്തിൽനിന്നുകൂടി മിശ്രവിവാഹ ധനസഹായത്തിനുള്ള ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.